**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1864** **02-02-2024 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ വെറ്ററിനറി ഡിസ്പെൻസറികൾ നവീകരിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി വെറ്ററിനറി ഡിസ്പെൻസറിയടക്കം പല വെറ്ററിനറി ഡിസ്പെൻസറികളും ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ വെറ്ററിനറി ഡിസ്പെൻസറികൾ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | മുല്ലശ്ശേരി ഡിസ്പെൻസറിയെ പോളിക്ലിനിക്കായി ഉയർത്തുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (സി) | ഉണ്ട്. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് സർക്കാറിന് അധിക ബാദ്ധ്യത ഉണ്ടാകുമെന്നതിനാൽ മുല്ലശ്ശേരി വെറ്ററിനറി ഡിസ്പെൻസറിയെ വെറ്ററിനറിപോളിക്ലിനിക്കായി ഉയർത്തണമെന്നുള്ള ആവശ്യം പരിഗണിച്ചിട്ടില്ല. |
| (ഡി) | മണലൂർ മണ്ഡലത്തിൽ പോളിക്ലിനിക്കുകൾ ഇല്ലാത്തതിനാൽ മുല്ലശ്ശേരി ഡിസ്പെൻസറിയെ പോളിക്ലിനിക്കായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ